# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2305 – 07/02/2019-ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി

ചോദ്യം

ഉത്തരം

ശ്രീ. രാജു എബ്രഹാം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി പ്രകാരം ഇതേവരെ എത്ര പേർക്കാണ് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ 2018 ഡിസംബർ 12-ാം തീയതി വരെ സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശുപാർശ ചെയ്തതുമായ 16,174 അപേക്ഷകളിലെ സർക്കാർ വിഹിതമായ 156.73 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| ബി | പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെട്ട പലർക്കും ബാങ്കിൽ നിന്നും വായ്പാതുക തിരിച്ചടയ്ക്കണമെന്നും ഇല്ലെങ്കിൽ ജപ്തി ചെയ്യുമെന്നും അറിയിച്ചുകൊണ്ടുള്ള കത്തുകൾ ലഭിക്കുന്നതായി പരാതി കിട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | 16.05.2017 -ലെ സ.ഉ (പി) നം. 65/2017 ധനം ഉത്തരവ് ഖണ്ഡിക 10(d) പ്രകാരം അപേക്ഷ സ്വീകരിക്കപ്പെട്ടു കഴിഞ്ഞാൽ ബാങ്ക് റവന്യൂ റിക്കവറി, കോടതി ഉത്തരവ് നടപ്പാക്കൽ എന്നിവ നിർത്തിവയ്ക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വീകരിക്കപ്പെടുന്ന അപേക്ഷകളുമായി ബന്ധപ്പെട്ട വായ്പകൾക്കു മേലുള്ള റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്ന തരത്തിൽ R R Portal -ൽ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തിയിരുന്നു. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി ബാങ്കുകൾ സ്വീകരിക്കുന്ന നടപടിയെ കുറിച്ച് പരാതി ലഭിക്കുന്ന പക്ഷം ആയത് എസ്.എൽ.ബി.സി-യുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |

| | | |
|---|---|---|
| സി | ധനകാര്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് അർഹതയുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ ബാങ്കുകൾ യഥാസമയം സർക്കാരിനെ അറിയിക്കാതിരുന്നതുമൂലം ആനുകൂല്യം ലഭിക്കാതിരുന്ന ആളുകൾക്ക് ആനുകൂല്യം ലഭ്യമാക്കാൻ എന്തെങ്കിലും പ്രത്യേക പാക്കേജ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ; | elrs.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ വഴി യോഗ്യരായിട്ടുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും നേരിട്ട് അപേക്ഷ സമർപ്പിക്കാനാകുന്ന വിധത്തിലാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് പുതിയ അപേക്ഷകൾ സ്വീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| ഡി | ഈ പദ്ധതിയുടെ അറിയിപ്പ് ഗുണഭോക്താക്കൾക്ക് നൽകുന്നതിൽ ബാങ്കുകൾ വരുത്തിയ വീഴ്ചമൂലം പദ്ധതിയിൽ അപേക്ഷ നൽകാതിരുന്നവർക്കായി പുതുതായി അപേക്ഷ നൽകാൻ എന്തെങ്കിലും നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ

| Amount Disbursed Applications | | |
|---|---|---|
| **Sl No** | **District Name** | **No.of Claims** |
| 1 | Thiruvananthapuram | 1338 |
| 2 | Kollam | 1663 |
| 3 | Pathanamthitta | 1249 |
| 4 | Alappuzha | 1444 |
| 5 | Kottayam | 1791 |
| 6 | Idukki | 1431 |
| 7 | Ernakulam | 1583 |
| 8 | Thrissur | 710 |
| 9 | Palakkad | 416 |
| 10 | Malappuram | 476 |
| 11 | Kozhikode | 1313 |
| 12 | Wayanad | 987 |
| 13 | Kannur | 1476 |
| 14 | Kasaragod | 297 |
| | Total | 16174 |